# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.811** **12.06.2013-ൽ മറുപടിക്ക്**

## ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തലയിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കുകൾ

| ചോദ്യം<br>ശ്രീ.പി. തിലോത്തമൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതോടെ ചേർത്തലയിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള വാട്ടർ ടാങ്കുകളുടെ ഭാവി ഉപയോഗം എന്തായിരിക്കും എന്ന് അറിയിക്കുമോ; പ്രസ്തുത ടാങ്കുകളും ഇവ നിൽക്കുന്ന സ്ഥലങ്ങളും എന്താവശ്യത്തിന് ഉപയോഗിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) നിലവിലുള്ള വാട്ടർ ടാങ്കുകളുടെയും ഇവ നിൽക്കുന്ന സ്ഥലങ്ങളുടേയും ഭാവി ഉപയോഗത്തെക്കുറിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല. ഇപ്പോൾ നിലവിലുള്ള ടാങ്കുകളും ജലവിതരണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചേർത്തലയിൽ നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിൽ പലതും വലിയ ജലസംഭരണികളായിരുന്ന പൊതു കുളങ്ങൾ നികത്തിയാണ് നിർമ്മിച്ചിരിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇപ്രകാരം മൂടപ്പെട്ട പൊതു കുളങ്ങളുടെ ശേഷിച്ച ഭാഗമെങ്കിലും സംരക്ഷിക്കുവാനും നില നിർത്തുവാനും ആവശ്യമായ ഫണ്ടും നടപടിയും ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) കുളങ്ങൾ സംരക്ഷിക്കുവാനുള്ള ഫണ്ട് വാട്ടർ അതോറിറ്റിക്ക ലഭ്യമല്ല. ഇവ സംരക്ഷിക്കുവാനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. ടാങ്കുകൾ നിൽക്കുന്ന സ്ഥലം മാത്രമേ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ളൂ. |

സെക്ഷൻ ഓഫീസർ